# പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ- 609 09.07.2013-ൽ മറുപടിയ്ക്ക്

## മനുഷ്യക്കടത്ത് കേസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം<br>ശ്രീ. സാജു പോൾ<br>ശ്രീ. ആർ. രാജേഷ്<br>ശ്രീ. എം. ഹംസ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) മനുഷ്യക്കടത്ത് കേസിൽ കേരള ഹൈക്കോടതിയിൽ നിന്നും വിമർശനം ഉണ്ടാകാനിടയായ സാഹചര്യം എന്തായിരുന്നു; | (എ) മനുഷ്യക്കടത്ത് കേസ്സിൽ പ്രതികൾ ബോധിപ്പിച്ച ജാമ്യ ഹർജിയിലെ ചില വിധികളിൽ ദേശസുരക്ഷയെ ബാധിക്കുന്ന കുറ്റമാകയാൽ പ്രത്യേക പ്രാധാന്യത്തോടെ അന്വേഷിക്കണമെന്ന് ബഹു. ഹൈക്കോടതി നിരീക്ഷിച്ചിട്ടുണ്ടായിരുന്നു. അല്ലാതെ കേസന്വേഷണത്തെ വിമർശിച്ചിട്ടില്ല. കേസ് സി.ബി.ഐ യ്ക്ക് വിടുന്നതിനുവേണ്ടി പുറപ്പെടുവിച്ച നോട്ടിഫിക്കേഷനിൽ ഒരു ക്രൈം നമ്പർ രേഖപ്പെടുത്തിയതിൽ തെറ്റ് വരുകയും ആയത് കോടതിയുടെ ശ്രദ്ധയിൽ വരികയും ടി ക്രൈം നമ്പർ ശരിയായി രേഖപ്പെടുത്തി ഉത്തരവ് വീണ്ടും പുറപ്പെടുവിക്കുവാൻ കോടതി ഉത്തരവിടുകയും അതിൻ പ്രകാരം തെറ്റ് തിരുത്തിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. |
| (ബി) കേസ് വിട്ടുകൊടുക്കാൻ സംസ്ഥാന പോലീസും ഏറ്റെടുക്കാൻ സി.ബി.ഐ യും വിമുഖത കാണിക്കുകയാണെന്ന് ആക്ഷേപം ഉണ്ടായിട്ടുണ്ടോ: | (ബി) ഇല്ല. |

| | | | |
|---|---|---|---|
| (സി) | കേസ് സി.ബി.ഐ യ്ക്ക് വിടാൻ തീരുമാനിച്ചതിനുശേഷം സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച നോട്ടിഫിക്കേഷനിൽ പിഴവുണ്ടായിട്ടുണ്ടോ; എങ്കിൽ അതെന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ: | (സി) | കേസന്വേഷണം സി.ബി.ഐ ക്ക് കൈമാറുവാൻ വേണ്ടി പുറപ്പെടുവിച്ച വിജ്ഞാപനത്തിൽ കേസിന്റെ നമ്പർ രേഖപ്പെടുത്തിയതിൽ പിശക് ഉണ്ടായിരുന്നു. ആയത് തിരുത്തി പുതിയ വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തു. |
| (ഡി) | പിഴവ് തിരുത്തി പുതിയ നോട്ടിഫിക്കേഷൻ നൽകിയിട്ടുണ്ടോ ; എങ്കിൽ എപ്പോൾ; | (ഡി) | പിഴവ് തിരുത്തിയ പുതിയ നോട്ടിഫിക്കേഷൻ 22.06.2013 ൽ പുറപ്പെടുവിക്കുകയും ആയത് 24.06.2013 ൽ കേന്ദ്ര സർക്കാരിനും സി.ബി.ഐ ക്കും നൽകിയിട്ടുമുണ്ട്. |
| (ഇ) | നോട്ടിഫിക്കേഷൻ തയ്യാറാക്കുന്നതിനും തയ്യാറാക്കിയവ കേന്ദ്ര സർക്കാരിലേക്ക് അയച്ചുകൊടുക്കുന്നതിലും ആവർത്തിച്ച് വിഴ്ചവരുത്തിയ കേസുകളിൽ ഉത്തരവാദികളായവർക്കെതിരെ എന്തു നടപടി സ്വീകരിച്ചു? | (ഇ) | നോട്ടിഫിക്കേഷൻ തയ്യാറാക്കുന്നതിനും തയ്യാറാക്കിയ നോട്ടിഫിക്കേഷൻ കേന്ദ്ര സർക്കാരിലേക്ക് അയച്ചു കൊടുക്കുന്നതിനും മനപൂർവ്വം വീഴ്ചവരുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ